# ST.JOSEPH'S HS ARAKUZHA



# ആമുഖം

അപ്രതീക്ഷിതമായി കടന്നുവന്ന Covid -19 എല്ലാ പ്രതീക്ഷകളെയും തകർത്ത്,പ്രതിബന്ധങ്ങളുടെ നീണ്ടനിരയുമായി ഇനിയും വിട്ടുമാറാതെ നിൽക്കുമ്പോൾ മറ്റേതു മേഖലയെയും എന്ന പോലെ , അതിനേക്കാളേറെ പ്രതിസന്ധികൾ നേരിടുകയാണ് വിദ്യാഭ്യാസ മേഖല. എന്നാൽ അവസരോചിതവും ദീർഘവീക്ഷണവുമുള്ള ഇടപെടലുകളിലൂടെ വിദ്യാഭ്യാസ വകുപ്പും എല്ലാ അധ്യാപകരും രക്ഷിതാക്കളും കുട്ടികളും ചേർന്നുള്ള കൂട്ടായ പ്രവർത്തനത്തിലൂടെ ഈ മഹാമാരിക്കിടയിലും നമ്മുടെ വിദ്യാഭ്യാസം കുറവില്ലാതെ തുടരുന്നു എന്നത് അഭിമാനാർഹം തന്നെ. ഈ കൊറോണകാലത്തെ് ആരക്കുഴ സെന്റ്.ജോസഫ്സ് ഹൈസ് സ്കൂളിലെ അധ്യാപകരും അനദ്ധ്യാപകരും രക്ഷിതാക്കളും കുട്ടികളും പ്രാധാനാധ്യാപിക സി .റീന ലൂക്കോസിന്റെ നേതൃത്വത്തിൻ കീഴിൽ നടപ്പിൽ വരുത്തിയ വിവിധ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത വിവരണം ഇവിടെ അവതരിപ്പിക്കുവാൻ കഴിയുന്നതിൽ ഏറെ സന്തോഷമുണ്ട്.

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | ഏറ്റെടുത്ത പ്രവർത്തനം | പ്രവർത്തനഫലമായുണ്ടായ നേട്ടം |
|---|---|---|---|
| എസ്.എസ്.എൽ.സി പരീക്ഷ | ആശങ്കകളില്ലാതെ പരീക്ഷയെ അഭിമുഖീകരിക്കുന്നു. | രക്ഷാകർത്താക്കൾക്കും കുട്ടികൾക്കും മാനസിക പിന്തുണ, പഠനസഹായം, വാട്ട്സ്ആപ്പ് ഗ്രൂപ്പ് വഴി Revision Materials നല്കി . പിടിഎയുടെയും പഞ്ചായത്തിന്റെയും നേതൃത്വത്തിൽ സ്കൂൾ അണുവിമുക്തമാക്കൽ | കുട്ടികൾക്ക് മാനസിക സമ്മർദമില്ലാതെ പരീക്ഷഎഴുതാനും ഉന്നതവിജയം നേടാനും കഴിഞ്ഞു. 100% വിജയം. 80 കുട്ടികൾ പരീക്ഷഎഴുതിയതിൽ<br>15 കുട്ടികൾക്ക്----Full A+<br>7 കുട്ടികൾക്ക്-----9A+ |









| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | ഏറ്റെടുത്ത പ്രവർത്തനം | പ്രവർത്തനഫലമായുണ്ടായ നേട്ടം |
|---|---|---|---|
| **പ്രകൃതിയോടിണങ്ങൽ, വിനോദങ്ങൾ** | Lock Down - ആയാസരഹിതമാക്കൽ | വിവിധ ഹോബികളിലും, ക്രീയാത്മകപ്രവർത്തനങ്ങളിലും, ഏർപ്പെട്ടുവാൻ പ്രോത്സാഹനവും പിന്തുണയും നൽകി. eg.പച്ചക്കറികൃഷി,പൂന്തോട്ടനിര്മ്മാണം,മൃഗപരിപാലനം,മത്സ ്യവളർത്തൽ, കരകൗശലനിർമ്മാണം, ചിത്രരചന കഥ, കവിത,ഉപന്യാസ രചന etc. School Wiki- യിൽ upload ചെയ്തു. | Lock Down – വിരസതമാറ്റി, മാനസിക ഉല്ലാസത്തിലേർപ്പെടാനും സമയം ഫലപ്രദമായി ഉപയോഗിക്കാനും സാധിച്ചു. സ്കൂളുമായുള്ള ഊഷ്മളബന്ധം,ആത്മവിശ്വാസം വർദ്ധിച്ചു |




| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | ഏറ്റെടുത്ത പ്രവർത്തനം | പ്രവർത്തനഫലമായുണ്ടായ നേട്ടം |
|---|---|---|---|
| Online പ്രവേശനോത്സവം | കുട്ടികളെ സ്കൂൾ തുറന്ന അനുഭവത്തിലേയ്ക്ക് സ്വാഗതംചെയ്യുന്നു. | ജൂൺ 1- സ്കൂൾ പ്രവേശന ദിനത്തിൽ - പഞ്ചായത്ത് പ്രസിഡന്റ് , പി.ടി.എ പ്രസിഡന്റ് ,സ്കൂൾ ഹെഡ്മിസ്ട്രസ് എന്നിവർ കുട്ടികൾക്ക് സന്ദേശം നൽകി.സ്കൂൾമുറ്റത്ത് എത്താൻ സാധിക്കാത്തതിന്റെ വിഷമം പങ്കുവെച്ച് കുട്ടികൾ തയ്യാറാക്കിയ വീഡിയോ ഗ്രൂപ്പുകളിൽ പങ്കു വച്ചു. | സ്കൂളിനോടുള്ള കുട്ടികളുടെ മാനസിക അടുപ്പം വ്യക്തമായി. |

**സ്കൂൾമുറ്റത്ത് എത്താൻ സാധിക്കാത്തതിന്റെ വിഷമം പങ്കുവെച്ച് കുട്ടികൾ:**

**വീഡിയോ കാണാം YouTube link : https://youtu.be/f-YzRhGXE0M**

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | ഏറ്റെടുത്ത പ്രവർത്തനം | പ്രവർത്തനഫലമായുണ്ടായ നേട്ടം |
|---|---|---|---|
| അക്കാദമിക മാസ്റ്റർ പ്ലാൻ | Online പഠനപ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുക | SRG യോഗം ചേർന്ന് അക്കാദമിക മാസ്റ്റർ പ്ലാൻ വിഷയാടിസ്ഥാനത്തിൽ തയ്യാറാക്കി. അദ്ധ്യാപകരെ ചുമതലപ്പെടുത്തി, സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട ക്രമീകരണങ്ങൾ നിജപ്പെടുത്തി | ടൈംടേബിൾ ക്രമീകരിച്ച് ചിട്ടയോടെ പഠനപ്രവർത്തനങ്ങൾ നടത്തുന്നതിന് സാധിച്ചു. |










| | | | |
|---|---|---|---|
| Zoom, Google Meet- വഴിയുള്ള Online Class ന് മുന്നൊരുക്കമായി സ്കൂൾ തലത്തിൽ അധ്യാപകർക്ക് പരിശീലനം.<br>ഈ സംവിധാനങ്ങളുടെ സഹായത്തോടെ എല്ലാ ക്ലാസ്സിലെ കുട്ടികൾക്കും സ്കൂളിലെ അധ്യാപകർ നല്കുന്ന ഓൺലൈൻ ക്ലാസ്സ് | കുട്ടികളുമായി നേരിട്ടുള്ള ക്ലാസ്സ് മുറിയുടെ അനുഭവം ലഭ്യമാകുക. | ക്ലാസ്സ് അടിസ്ഥാനത്തിൽ വാട്ട്സ്ആപ്പ് ഗ്രൂപ്പ് നിർമ്മിച്ച് Google meet, Zoom എന്നീ Online സംവിധാനങ്ങൾ വഴി Online ക്ലാസ്സുകൾ നൽകാൻ IT Experts, ടീച്ചേഴ്സിനു ട്രെയിനിംഗ് നൽകി. എല്ലാ കുട്ടികൾക്കും Online പഠനസൗകര്യം ഒരുക്കി (TV-10, Mobile Phone-6,Laptop-8)എന്നിവ സൗജന്യമായി നൽകി. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്ക് , TV , Net, ഇവ Charge ചെയ്ത് നൽകി വരുന്നു.<br>Online Evaluation, ICT സാധ്യതകളുപയോഗിച്ചുള്ള പഠനം(Geogibra, SpreadSheet, Kalzium,Gchemical,Gperiodical,Periodic Table of Elements,Gplates,K Stars,Stellerium). മറ്റ് Source കളിൽ നിന്നുള്ള Study Materials e.g (Maths Blog,Biovision,A+ Educare, Spandanam,Youtube Videos ) നൽകി. TextBook നോടൊപ്പം PDF നോട്ട്സ് വിതരണം,Online Debate, പാഠങ്ങളുടെ വീഡിയോ ചിത്രീകരണം നിർമ്മിക്കൽ, ജീവികളുടെ Life Cycle നെപ്പറ്റിയുള്ള സൂക്ഷ്മപഠനം, സ്വയം പരീക്ഷണങ്ങൾക്കുള്ള അവസരമൊരുക്കൽ (ഗണിതശേഷികൾ ഉപയോഗിച്ച് വീടിന്റെ ഉയരം അളക്കാതെ കണ്ടെത്തുക ,ലോഹങ്ങളുടെ പ്രവർത്തനശേഷി മനസ്സിലാക്കുക ആസിഡ്, ബേസ് പദാർത്ഥങ്ങളെ കണ്ടെത്തുന്നു).പാഠഭാഗങ്ങളുടെ നാടകാവിഷ്കരണം etc. | കുട്ടികൾക്ക് നേരിട്ട് സംവദിക്കാനും സംശയം ദൂരികരിക്കാനും അധ്യാപകരും കുട്ടികളും തമ്മിലുള്ള സൗഹൃദം നിലനിർത്താനും കഴിഞ്ഞു. വീടുകളിൽ ആയിരിക്കുമ്പോൾത്തന്നെ പഠനഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടാൻ കഴിഞ്ഞു. |

**ആറാം ക്ലാസ്സിലെ " ഉപ്പുകൊറ്റൻ" എന്ന മലയാള പാഠഭാഗവുമായി ബന്ധപെട്ട് കുട്ടികൾ തയ്യാറാക്കിയ ദൃശ്യാവിഷ്കാരം കാണാം YouTube link : https://youtu.be/XFBkAvh61yc**

| പാഠ്യേതരപ്രവർത്തനങ്ങൾ | | | |
|---|---|---|---|
| **പ്രവർത്തനത്തിന്റെ പേര്** | **ലക്ഷ്യം** | **ഏറ്റെടുത്ത പ്രവർത്തനം** | **പ്രവർത്തനഫലമായുണ്ടായ നേട്ടം** |
| Youth Skill Day – You Tube Channel നിർമ്മാണം | കുട്ടികളെ സ്കൂളുമായി ചേർത്ത് നിർത്തുക, സ്കൂൾ പ്രവർത്തനങ്ങളെ സാമൂഹത്തിൽ എത്തിക്കുക. | കുട്ടികളുടെസൃഷ്ടികളും സ്കൂൾ മികവുകളും സാമൂഹിക മാധ്യമങ്ങളിലൂടെ സമൂഹത്തെ അറിയിക്കുവാൻ YouTube Channel നിർമ്മിച്ചു. ഇതിനകം 45 Video കൾ Upload ചെയ്തു. | സ്കൂളുമായി നിരന്തരമായ ഒരു ബന്ധം കുട്ടികൾക്കും രക്ഷകർത്താക്കൾക്കും സമൂഹത്തിനും ലഭിച്ചു |



| പാഠ്യേതരപ്രവർത്തനങ്ങൾ | | | |
|---|---|---|---|
| **പ്രവർത്തനത്തിന്റെ പേര്** | **ലക്ഷ്യം** | **ഏറ്റെടുത്ത പ്രവർത്തനം** | **പ്രവർത്തനഫലമായുണ്ടായ നേട്ടം** |
| വായനവാരാഘോഷം | വായനാപ്രോത്സാഹനം, സാഹിത്യാഭിരുചിവളർത്തൽ | വായനാദിനം ആചരിച്ചു. പഞ്ചായത്ത് പ്രസിഡന്റ് വായനാവാരം ഉദ്ഘാടനം ചെയ്തു. പ്രധാന അധ്യാപിക, അധ്യാപക പ്രതിനിധി തുടങ്ങിയവർ ദിന സന്ദേശം നൽകി വായനാവാരം<br>വായനാക്കുറിപ്പ്,കഥാ,ഉപന്യാസരചന,കവിതാപാരായണം ,Online Quiz(വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും) തുടങ്ങി വിവിധമത്സരങ്ങൾനടത്തി<br>ഓൺലൈൻ സർട്ടിഫിക്കറ്റുകൾ വിതരമം ചെയ്തു.<br>E- Reading ന് കുട്ടികൾക്ക് Guidance നൽകി | കുട്ടികളുടെ സാഹിത്യഅഭിരുചി പ്രകടമാക്കാൻ അവസരം ഉണ്ടായി. വായനയിൽ താത്പര്യം ജനിച്ചു. |

**വായനവാരാഘോഷത്തിന്റെ റിപ്പോർട്ട് കാണാം YouTube link : https://youtu.be/tsAYtuuYxAw**

| പാഠ്യേതരപ്രവർത്തനങ്ങൾ | | | |
|---|---|---|---|
| **പ്രവർത്തനത്തിന്റെ പേര്** | **ലക്ഷ്യം** | **ഏറ്റെടുത്ത പ്രവർത്തനം** | **പ്രവർത്തനഫലമായുണ്ടായ നേട്ടം** |
| ഓണാഘോഷം | വർണ്ണാഭമായ ഓണാഘോഷ പരിപാടികളിലൂടെ കുട്ടികളെയും രക്ഷിതാക്കളെയും സ്കൂളിനോട് ചേർത്ത് നിർത്തുക | മലയാളിമങ്ക, കേരളശ്രീമാൻ, പൂക്കള, പാചകമത്സരം,ഓണപ്പാട്ട്, ഓണത്തപ്പൻ എന്നിവ Google Meet Flat Form -വഴി നടത്തി | കുട്ടികൾക്ക് ദേശീയഉത്സവത്തിന്റെ പ്രാധാന്യത്തെപ്പറ്റി മനസ്സിലാക്കി കൊടുത്തു |


**മലയാളിമങ്ക, കേരളശ്രീമാൻ മത്സരം വീഡിയോ YouTube link : https://youtu.be/OfLlbILO0F0**

**പൂക്കള മത്സരം വീഡിയോ YouTube link : https://youtu.be/RInO2Ajj_58**

**പാചകമത്സരം വീഡിയോ YouTube link : https://youtu.be/daHV6AvAX6Q**

**ഓണപ്പാട്ട് മത്സരം വീഡിയോ YouTube link : https://youtu.be/-c_7NkJqZGc**

| **പാഠ്യേതരപ്രവർത്തനങ്ങൾ** | | | |
|---|---|---|---|
| **പ്രവർത്തനത്തിന്റെ പേര്** | **ലക്ഷ്യം** | **ഏറ്റെടുത്ത പ്രവർത്തനം** | **പ്രവർത്തനഫലമായുണ്ടായ നേട്ടം** |
| ലഹരി വിരുദ്ധദിനാചരണം | ലഹരിക്കെതിരെ പോരാടൽ | പോസ്റ്റർ നിർമ്മാണം,വീഡിയോ നിർമ്മാണം ലഹരിയുടെ അടിമത്തത്തിൽ നിന്ന് മോചിതരായ ഗ്രൂപ്പിൽ (A A Group) ലഹരിമൂലം കുടുംബത്തിൽ പ്രശ്നങ്ങളുള്ള രക്ഷിതാക്കളെ അംഗങ്ങളായി ചേർക്കാൻ പരിശ്രമിച്ചു. കൗൺസലിംഗ് പ്രോത്സാഹനം നൽകി. | ലഹരി വിതയ്ക്കുന്ന വിപത്തിനെതിരെ ബോധവത്ക്കരണം കുട്ടികൾക്ക് ലഭിച്ചു, കൂടാതെ രക്ഷിതാക്കളെ ഇതിന്റെ ദൂഷ്യഫലങ്ങളിൽ മോചിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്താൻ കഴിഞ്ഞു. |
| സ്വാതന്ത്ര്യദിനം | ദേശഭക്തിവളർത്തുക | പഞ്ചായത്ത് പ്രസിഡന്റ് പതാക ഉയർത്തി. അധ്യാപകർ, പി.ടി.എ അംഗങ്ങൾ പങ്കെടുത്തു.ദിനസന്ദേശം, ദേശഭക്തിഗാനം . ഇന്ത്യൻ സ്വാതന്ത്ര്യചരിത്രവുമായി ബന്ധപ്പെട്ട Documentary കുട്ടികൾ തയ്യാറാക്കി YouTube ൽ Upload ചെയ്തു. | ദേശഭക്തി വർദ്ധിച്ചു ഇന്ത്യൻ സ്വാതന്ത്ര്യചരിത്രം കുട്ടികൾക്ക് കുറച്ചു കൂടി ആഴത്തിൽ വ്യക്തമായി. |




ദേശഭക്തിഗാനം വീഡിയോ കാണാം YouTube link : [https://youtu.be/K0jrDH0Kwo8](https://youtu.be/K0jrDH0Kwo8)

ഇന്ത്യൻ സ്വാതന്ത്ര്യചരിത്രവുമായി ബന്ധപ്പെട്ട Documentary YouTube link : [https://youtu.be/dn3HU5AlmR8](https://youtu.be/dn3HU5AlmR8)


| പാഠ്യേതരപ്രവർത്തനങ്ങൾ | | | |
|---|---|---|---|
| **പ്രവർത്തനത്തിന്റെ പേര്** | **ലക്ഷ്യം** | **ഏറ്റെടുത്ത പ്രവർത്തനം** | **പ്രവർത്തനഫലമായുണ്ടായ നേട്ടം** |
| എസ്.പി ബാലസുബ്രമണ്യം അനുസ്മരണം | അനുശോചനവും ആദരവും | കുട്ടികൾ സ്വന്തമായി പാടി, എഡിറ്റ് ചെയ്ത സംഗീത വീഡിയോ YouTube- ൽ upload ചെയ്തു. | പ്രതിഭകളെ അംഗീകരിച്ചാദരിക്കുവാൻ കുട്ടികളെ പരിശീലിപ്പിച്ചു. പൊതുജനം വളരെ അനുമോദനങ്ങൾ നല്കി |




**എസ്.പി ബാലസുബ്രമണ്യം അനുസ്മരണ വീഡിയോ YouTube link : [https://youtu.be/nSit36_femo](https://youtu.be/nSit36_femo)**

| പാഠ്യേതരപ്രവർത്തനങ്ങൾ | | | |
|---|---|---|---|
| **പ്രവർത്തനത്തിന്റെ പേര്** | **ലക്ഷ്യം** | **ഏറ്റെടുത്ത പ്രവർത്തനം** | **പ്രവർത്തനഫലമായുണ്ടായ നേട്ടം** |
| ഗാന്ധിജയന്തി | | സ്കൂൾ സ്റ്റാഫും പി.ടി.എ അംഗങ്ങളും ചേർന്ന് സ്കൂളും പരിസരവുംശുചീകരണംനടത്തി.സ്കൂളിൽ Play Ground നിർമ്മിച്ചു. ഗ്രാമപഞ്ചായത്തിൽ നിന്നും 4 ലക്ഷം രൂപ മുടക്കി മാലിന്യസംസ്കരണസംവിധാനവും ,പ്ലാസ്റ്റിക്ക് വേർ തിരിച്ച് സംസ്കരിക്കുന്ന സംവിധാനവും ഒരുക്കിയത് പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പേഴ്സ് അധ്യാപകർ പി.ടി.എ അംഗങ്ങൾ ഇതിൽ പങ്കെടുത്തു. സ്കൂളിലെ പച്ചക്കറിക്കൃഷിയുടെ വിളവെടുപ്പ് പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. ആദ്യത്തെ വിളവ് അനാഥശാലയ്ക്ക് നൽകി. ഗാന്ധിജിയെപ്പറ്റിയുള്ള വീഡിയോ കുട്ടികൾ തയ്യാറാക്കി YouTube- ൽ upload ചെയ്തു | |

**ഗാന്ധിജിയെപ്പറ്റിയുള്ള വീഡിയോ YouTube link : https://youtu.be/hWHcUnqUfWs**









| പാഠ്യേതരപ്രവർത്തനങ്ങൾ | | | |
|---|---|---|---|
| **പ്രവർത്തനത്തിന്റെ പേര്** | **ലക്ഷ്യം** | **ഏറ്റെടുത്ത പ്രവർത്തനം** | **പ്രവർത്തനഫലമായുണ്ടായ നേട്ടം** |
| Dr.APJ Abdul Kalam അനുസ്മരണം | ശാസ്ത്രപ്രതിഭയെ അറിയുക,ആദരിക്കുക, അംഗീകരിക്കുക | അബ്ദുൾകലാമിന്റെ ജീവിതവഴിത്താരയിലൂടെ യാത്രചെയ്യുന്ന വീഡിയോ കുട്ടികൾ തയ്യാറാക്കി YouTube- ൽ upload ചെയ്തു | അബ്ദുൾകലാമിന്റെ ജീവിതത്തെപ്പറ്റിയും അദ്ദേഹം നാടിനു നൽകിയ സംഭാവനെയെപ്പറ്റി കൂടുതൽ മനസ്സിലാക്കാൻ കുട്ടികളെ പ്രാപ്തരാക്കി |

**അബ്ദുൾകലാമിനെ പറ്റിയുള്ള വീഡിയോ YouTube link : https://youtu.be/1Fslcsb6lR8**

| പാഠ്യേതരപ്രവർത്തനങ്ങൾ | | | |
|---|---|---|---|
| **പ്രവർത്തനത്തിന്റെ പേര്** | **ലക്ഷ്യം** | **ഏറ്റെടുത്ത പ്രവർത്തനം** | **പ്രവർത്തനഫലമായുണ്ടായ നേട്ടം** |
| കേരളപ്പിറവി ആഘോഷം | കേരളപ്പിറവിയുടെ സന്ദേശം കുട്ടികളിലെയ്ക്കും രക്ഷിതാക്കളിലേയ്ക്കും എത്തിക്കൽ | **സംഘനൃത്തം**<br>കുട്ടികൾ കേരളപ്പിറവിയുമായി ബന്ധപ്പെട്ട മനോഹര ഗാനത്തിന്റെ അകമ്പടിയോടെ അവരവരുടെ ഭവനത്തിൽ വച്ച് ചുവടുവച്ച സംഘനൃത്തം എഡിറ്റ് ചെയ്തു Youtube- ൽ upload ചെയ്തു<br>**ആശംസഗാനം**<br>STD X -ലെ അദ്രിജ എന്ന കുട്ടിയുടെ നേതൃത്വത്തിൽ അവരവരുടെ ഭവനത്തിൽ വച്ച് ആലപിച്ച മനോഹരമായ ആശംസ ഗാനം അദ്രിജ തന്നെ എഡിറ്റ് ചെയ്തു Youtube-ൽ upload ചെയ്തു | കേരളീയർ എന്നതിൽ അഭിമാനമുണ്ടായി. പഴമയും പുരാവസ്തുക്കളും കുട്ടികൾക്ക് അസ്വദിച്ച് മനസ്സിലാക്കുന്നതിൽ സാധിച്ചു. |

| | | | |
|---|---|---|---|
| | | **പുരാവസ്തു പ്രദർശനം**<br>കുട്ടികളുടെ വീടുകളിലുള്ള പുരാവസ്തുക്കൾ ശേഖരിച്ച് അവയെക്കുറിച്ച് കുട്ടികൾ നൽകിയ വിവരണങ്ങൾ ഉൾക്കൊള്ളുന്ന വീഡിയോകൾ ഒരുമിച്ച് ചേർത്ത് Youtube- ൽ upload ചെയ്തു | |

**കേരളപ്പിറവി ആശംസഗാനം വീഡിയോ YouTube link : https://youtu.be/ZOAvPq5GfEs**

**പുരാവസ്തു പ്രദർശനം വീഡിയോ YouTube link : https://youtu.be/EpFDP5nr76o**

**സംഘനൃത്തം വീഡിയോ YouTube link : https://youtu.be/IpkFnUXp2Gw**

| **പാഠ്യേതരപ്രവർത്തനങ്ങൾ** | | | |
|---|---|---|---|
| **പ്രവർത്തനത്തിന്റെ പേര്** | **ലക്ഷ്യം** | **ഏറ്റെടുത്ത പ്രവർത്തനം** | **പ്രവർത്തനഫലമായുണ്ടായ നേട്ടം** |
| ശിശുദിനാഘോഷം | കുട്ടികളോടുള്ള സ്നേഹം പ്രകടമാക്കൽ, അധ്യാപക വിദ്യാർത്ഥി ബന്ധം സ്നേഹോഷ്മളമാക്കൽ | അധ്യാപകർ കുട്ടികളുടെ വീടുകളിലെത്തി ശിശുദിന ആശംസകൾനേർന്നു, മധുരപലഹാരങ്ങളും നൽകി. അധ്യാപകർ എല്ലാവരും ഒരുമിച്ച് കുട്ടികൾക്ക് വേണ്ടി ആശംസ ഗാനം ആലപിച്ച് ക്ലാസ്സ് ഗ്രൂപ്പ്കളിൽ നല്കി. ചാച്ചാജി മത്സരം നടത്തി ,മനോഹരമായ ഫോട്ടോകൾ YouTube- ൽ upload ചെയ്തു | കുട്ടികളെ അധ്യാപകരുമായുള്ള ബന്ധം സുദൃഢമായി. |

**ശിശുദിനാഘോഷം വീഡിയോ YouTube link : https://youtu.be/zRyPD3rotlE**

| പാഠ്യേതരപ്രവർത്തനങ്ങൾ | | | |
|---|---|---|---|
| **പ്രവർത്തനത്തിന്റെ പേര്** | **ലക്ഷ്യം** | **ഏറ്റെടുത്ത പ്രവർത്തനം** | **പ്രവർത്തനഫലമായുണ്ടായ നേട്ടം** |
| ലോക എയ്ഡ്സ് ദിനം | | കുട്ടികൾ വീട്ടുകളിൽ തിരികത്തിച്ച് സന്ദേശം നൽകി, വിദ്യാർത്ഥിപ്രതിനിധി ദിനസന്ദേശം നൽകി | എയ്ഡ്സ് എന്ന രോഗത്തെപ്പറ്റി കൂടുതൽ അറിയുന്നതിനും ബോധവത്കരണവും നേടുന്നതിന് സാധിച്ചു. |



| പാഠ്യേതരപ്രവർത്തനങ്ങൾ | | | |
|---|---|---|---|
| **പ്രവർത്തനത്തിന്റെ പേര്** | **ലക്ഷ്യം** | **ഏറ്റെടുത്ത പ്രവർത്തനം** | **പ്രവർത്തനഫലമായുണ്ടായ നേട്ടം** |
| **Hobbies – വാട്ട്സ് ആപ് ഗ്രൂപ്**<br>സംഘനൃത്തം വാട്ട്സ് ആപ്പ് ഗ്രൂപ്പ്<br>,Group Song-വാട്ട്സ് ആപ്പ് ഗ്രൂപ്പ് | കുട്ടികളുടെ വിവിധ കലാഭിരുചികൾ പങ്കുവെയ്ക്കാനുള്ള വേദിയൊരുക്കൽ | • **ഹോബീസ്** എന്ന പേരിൽ വാട്ട്സ് ആപ്പ് ഗ്രൂപ്പ് നിർമ്മിപ്പ് കുട്ടികളുടെ അഭിരുചിയ്ക്ക് അനുസരിച്ച് വിവിധ പാഠ്യേതരപ്രവർത്തനങ്ങളുടെ ഫോട്ടോ,വീഡിയോ എന്നിവ എല്ലാ ക്ലാസ്സ് ഗ്രൂപ്പിലും പങ്ക് വയ്ക്കുന്നു.<br>• സംഗീതാഭിരുചിയുള്ള കുട്ടികളെച്ചേർത്ത് വാട്ട്സ് ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കി സംഗീതാധ്യാപികയുടെയും അദ്രിജയുടെയും നേതൃത്വത്തിൽ ഓൺലൈൻ പരിശീലനം നൽകിയാണ് നിരവധി സംഗീതവീഡിയോകൾ തയ്യാറാക്കി എഡിറ്റ് ചെയ്ത് YouTube- ൽ upload ചെയ്തു<br>•<br>നൃത്തംപഠിച്ച് വിദ്യാർത്ഥികൾക്ക് ഗ്രൂപ്പ് ഉണ്ടാക്കി ഓൺ ലൈൻ ആയി നൃത്തം പഠിപ്പിച്ച് ,കുട്ടികൾ അവരുടെ വീട്ടുകളിൽവച്ച് നൃത്തം ചെയ്ത് വീഡിയോകൾ YouTube-ൽ upload ചെയ്തു | കുട്ടികളുടെ അഭിരുചികൾ വളർത്തുന്നതിനും , പഠനപിന്നോക്കാവസ്ഥയിലുള്ളവർക്കും തങ്ങളുടെ കഴിവുകൾ പ്രകടമാക്കുന്നതിനും സാധിച്ചു. |

**അലീന ബെന്നിയുടെ Craft work വീഡിയോ കാണാം YouTube link : https://youtu.be/fQD7hb_H-_A**

| പാഠ്യേതരപ്രവർത്തനങ്ങൾ | | | |
|---|---|---|---|
| **പ്രവർത്തനത്തിന്റെ പേര്** | **ലക്ഷ്യം** | **ഏറ്റെടുത്ത പ്രവർത്തനം** | **പ്രവർത്തനഫലമായുണ്ടായ നേട്ടം** |
| സാമൂഹ്യസേവനപ്രവർത്തനങ്ങൾ | അധ്യാപർക്കും കുട്ടികൾക്കും സാമൂഹ്യാവബോധം, സേവനസന്നദ്ധത ഇവ വളർത്തൽ | • കൊറോണക്കാലത്ത് സർക്കാർ രൂപീകരിച്ച സന്നദ്ധപ്രവർത്തനത്തിൽ പ്രധാന അധ്യാപികയും അദ്ധ്യാപകരും പേര് ചേർത്തു.<br>• ലോക്ഡൗൺകാലത്ത് പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച Community Kitchen- ൽ പ്രധാനധ്യാപികയും അധ്യാപകരും സന്നദ്ധപ്രവർത്തകരായി<br>• ലോക്ഡൗൺകാലത്ത് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ച കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകി<br>• കുട്ടികൾക്ക് TV, Laptop, Mobile Phone തുടങ്ങിയ പഠനഉപകരണങ്ങൾ സൗജന്യമായി നൽകി (TV 10, Laptop-6, Mobile -8)<br>• കുട്ടികൾ തങ്ങളുടെ കൊച്ചുസമ്പാദ്യത്തിൽ നിന്നുള്ള ചെറുവിഹിതങ്ങൾ അനാഥശാലയിലും രോഗികൾക്കും അധ്യാപകരുടെ സഹാത്തോടെ നൽകി<br>• സ്കൂളിലെ ജീവനക്കാരെ 2 കുട്ടികളുടെ രക്ഷിതാക്കൾ ഇവർക്ക് മാനേജ്മെന്റിന്റെ സഹായത്തോടെ ചികിത്സാ സഹായമായി 60000/- രൂപ നൽകി. | ആവശ്യക്കാരെ സഹായിക്കാനും സേവനസന്നദ്ധത ആർജിക്കാനും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാകാനും കുട്ടികൾക്ക് അവസരം ലഭിച്ചു. |

| | | | |
|---|---|---|---|


കാരുണ്യ സ്പർശവുമായി


സാമൂഹിക അടുക്കള


കുട്ടികൾക്കൊരു കൈത്താങ്ങ്
• കുട്ടികൾക്ക് ഓൺലൈൻ പഠന സൗകര്യങ്ങൾ ഒരുക്കി.